സി1/265/2021-TC

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്
തിരുവനന്തപുരം - 695 014
ഇ-മെയിൽ : tcoffice.mvd@kerala.gov.in
വെബ്: www.mvd.kerala.gov.in
ഫോൺ :0471-2333317 / 37
തീയതി: 07-05-2025

**<u>സർക്കുലർ നമ്പർ: 9/2025</u>**

വിഷയം:- മോട്ടോർ വാഹന വകുപ്പ് - സംസ്ഥാനത്ത് വാഹന പുക പരിശോധന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നത്– സംബന്ധിച്ച് .

സൂചന :-

1. GO(Rt) No. 48/96/PW&T Dated 15/02/1996
2. GO(Rt) No 411/2021/Trans Dated 22/11/2021
3. GO(Rt) No 259/2023/Trans Dated 26/06/2023
4. സർക്കുലർ നമ്പർ 13/2023 തീയതി 13.3.2024.
5. ബഹു.ഹൈക്കോടതിയുടെ 13.03.2025ലെ WP(C) No. 9531,9536,9539 എന്നീ WP(C) കളിലെ വിധിന്യായം.
6. 24.07.2024 & 17.3.2025 തീയതികളിൽ പുകപരിശോധന പ്രതിനിധികളുമായി ഗതാഗത കമ്മീഷണർ നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ.

സംസ്ഥാനത്ത് വാഹന പുക പരിശോധന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി സൂചന (4 ) പ്രകാരം സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. ടി സർക്കുലറിന്മേൽ നിരവധി നിവേദനങ്ങൾ വാഹന പുക പരിശോധന സംഘടനകളുടെ ഭാഗത്തുനിന്ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിലും, സൂചന (5) ലെ വിധി ന്യായങ്ങൾക്ക് അനുസൃതമായും 13.3.2024 തീയതിയിലെ സർക്കുലർ 13/2023 പിൻവലിച്ച് താഴെ പറയുന്ന നിർദേശങ്ങൾ ഉൾപ്പെടുത്തി പുതിയ സർക്കുലർ പുറപ്പെടുവിക്കുന്നു.

1. പരിശോധനാ കേന്ദ്രങ്ങളിൽ രണ്ട് Light Motor Vehicle വാഹനങ്ങൾ പാർക്ക് ചെയ്യാൻ സൗകര്യം ഉണ്ടായിരിക്കണം എന്ന് സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ എല്ലാ പുക പരിശോധന കേന്ദ്രങ്ങൾക്കും സർക്കാർ ഉത്തരവ് പ്രകാരം ഉള്ള രണ്ട് ലൈറ്റ് മോട്ടോർ വാഹനങ്ങൾ പാർക്ക് ചെയ്യുവാനുള്ള സൗകര്യം ഉണ്ടെന്ന് എല്ലാ ലൈസൻസിംഗ് അധികാരികളും ഉറപ്പാക്കേണ്ടതാണ്.

   പുക പരിശോധന കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ, ഏറ്റവും കുറഞ്ഞ അളവുകൾ താഴെ പറയും പ്രകാരം ഉണ്ടായിരിക്കേണ്ടതാണ്. പുക പരിശോധനാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിലേക്കായി ശരിയായ വെന്റിലേഷനോടുകൂടിയ 2.5 മീറ്റർ

നീളവും 2.4 മീറ്റർ വീതിയുമുള്ള 6 ചതുരശ്ര മീറ്റർ വിസ്തീർണ്ണം ഉള്ള ഒരു മുറി. [വിസ്തീർണത്തിൽ കുറവ് വരാതെ മുറിയുടെ നീളത്തിലും വീതിയിലും പരമാവധി 10% കുറവ് അനുവദിക്കാവുന്നതാണ്]

മുറിയ്ക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ അനുവദിച്ച നൽകിയ നമ്പർ പുക പരിശോധന കേന്ദ്രത്തിന്റെ ലൈസൻസിൽ രേഖപ്പെടുത്തേണ്ടതാണ്.

പുക പരിശോധനാ കേന്ദ്രങ്ങൾ പുതുതായി അനുവദിക്കുന്ന അവസരത്തിലും ലൈസൻസ് പുതുക്കുന്ന അവസരത്തിലും കെട്ടിടത്തിന്റെ സ്ഥാനവും അളവും ഉൾപ്പെട്ട പ്ലാൻ പരിശോധനാ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി പരിശോധനാ റിപ്പോർട്ടിനൊപ്പം സമർപ്പിക്കേണ്ടതാണ്.

പുക പരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന സമയത്തും നിലവിലുള്ള ലൈസൻസ് പുതുക്കുന്ന സമയത്തും മകളിൽ പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട് എന്ന് ലൈസൻസിങ് അധികാരികൾ ഉറപ്പാക്കേണ്ടതാണ്.

2. വാഹനത്തിന്റെ പുക ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുമെന്നതിനാൽ പുക പരിശോധനാ കേന്ദ്രത്തിനായി അനുവദിച്ച നൽകിയ മുറികൾ പുക പരിശോധനക്ക് പുറമേ ഓൺലൈൻ സേവനങ്ങൾ ഒഴികെയുള്ള മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാൻ പാടില്ല. 6 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണം ഉള്ള കെട്ടിടത്തിലാണ് പുക പരിശോധന കേന്ദ്രം പ്രവർത്തിക്കുന്നതെങ്കിൽ , പുക പരിശോധന കേന്ദ്രത്തിന് ക്രമ നമ്പർ 1 ൽ പ്രതിപാദിച്ച പ്രകാരമുള്ള 6 ചതുരശ്ര മീറ്റർ സ്ഥലം പ്രത്യേകമായി വേർതിരിച്ച ശേഷം, മോട്ടോർ വാഹനങ്ങളുമായി ബന്ധപ്പെട്ട മറ്റ് സേവനങ്ങൾ 6 ചതുരശ്ര മീറ്ററിനും അധികമായുള്ള സ്ഥലത്ത് മാത്രം പുക പരിശോധന സ്ഥാപനത്തിന് പ്രവർത്തനതടസ്സം ആകാത്ത വിധം നടത്താവുന്നതാണ്.
3. പെട്രോൾ പമ്പുകളിൽ പുക പരിശോധനാ കേന്ദ്രങ്ങൾ അനുവദിക്കുമ്പോഴും ലൈസൻസ് പുതുക്കുമ്പോഴും ഈ ആവശ്യത്തിനു മാത്രമായി ഉപയോഗിക്കുന്ന നിശ്ചിത അളവിലുള്ള മുറിയുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ഈ മുറിക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ അനുവദിച്ച നൽകിയ നമ്പർ ലൈസൻസിൽ ചേർത്തു നൽകേണ്ടതുമാണ്.

   പെട്രോൾ പമ്പുകളിൽ പുക പരിശോധനാ കേന്ദ്രം അനുവദിക്കുമ്പോൾ PESO - യുടെ NOC നിർബന്ധമാക്കേണ്ടതില്ല. പകരം ബന്ധപ്പെട്ട പെട്രോളിയം കമ്പനികൾ നിയമാനുസൃതം നൽകുന്ന NOC പരിഗണിക്കാവുന്നതാണ്.

   പെട്രോൾ പമ്പിൽ പുക പരിശോധനാ കേന്ദ്രം അനുവദിക്കുമ്പോൾ കെട്ടിടത്തിന് ഫ്യുവൽ ഡിസ്പെൻസറുകളുമായി സുരക്ഷിതമായ 7 മീറ്റർ അകലം പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
4. GO(Rt) No. 411/2021/Trans Dated 22/11/2021 പ്രകാരം 1st grade technician അല്ലെങ്കിൽ 2nd Grade Technician യോഗ്യതയുള്ളവരെ അംഗീകൃത ടെക്നീഷ്യനായി ലൈസൻസിൽ പേരു ചേർത്തു നൽകാവുന്നതാണ്. നിശ്ചിത യോഗ്യതയുള്ള ഒന്നിലധികം ടെക്നീഷ്യൻമാരെ നിയോഗിക്കുന്നതിനും അംഗീകരിച്ച നൽകുന്നതിനും നിയമ തടസ്സമില്ല. സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നത് അടിസ്ഥാന യോഗ്യതയാണ്. ഉയർന്ന യോഗ്യതകളായ ഡിപ്ലോമ (ഇൻ ഓട്ടോമൊബൈൽ / മെക്കാനിക്കൽ എഞ്ചിനീയറിങ്) ഡിഗ്രി (ഇൻ ഓട്ടോമൊബൈൽ / മെക്കാനിക്കൽ എഞ്ചിനീയറിങ്)

ഉള്ളവരേയും ടെക്നീഷ്യനായി പരിഗണിക്കാവുന്നതാണ്. പൊല്യൂഷൻ ടെസ്റ്റിംഗ് സെന്ററുകളിൽ ഡ്യൂട്ടിയിലുള്ള ടെക്നിഷ്യൻ മാരുടെ ദൈനം ദിന ഹാജർ രേഖപ്പെടുത്തുന്നതിലേയ്ക്കായി ഒരു അറ്റൻഡൻസ് രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന പക്ഷം പരിശോധനയ്ക്കായി നൽകേണ്ടതുമാണ്.

ഒരു പുക പരിശോധന സ്ഥാപനത്തിന്റെ ലൈസൻസിൽ സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന പ്രകാരം നിശ്ചിത യോഗ്യതയുള്ള ഒന്നിൽ കൂടുതൽ ടെക്നീഷ്യൻ മാരുടെ പേര് ചേർത്തിട്ടുണ്ടെങ്കിൽ, രണ്ടാമത്തെ ടെക്നീഷ്യനെ stand by technician ആയി പരിഗണിക്കാവുന്നതും, ടി സ്ഥാപനത്തിൽ രണ്ട് ടെക്നീഷ്യന്മാരും ഹാജരുള്ള ദിവസം മറ്റൊരു പുക പരിശോധന കേന്ദ്രത്തിൽ ടെക്നീഷ്യൻ ആവശ്യമായി വന്നാൽ സ്റ്റാൻഡ്-ബൈ ടെക്നീഷ്യനെ മറ്റൊരു പുക പരിശോധന കേന്ദ്രത്തിൽ താൽക്കാലികമായി പ്രവർത്തിക്കാൻ അനുവദിക്കാവുന്നതാണ്. ഇത്തരത്തിൽ മറ്റൊരു സ്ഥാപനത്തിൽ താൽക്കാലികമായി പ്രവർത്തിക്കുന്ന സ്റ്റാൻഡ് ബൈ ടെക്നീഷ്യൻ സ്വന്തം പേര് ചേർത്ത പുക പരിശോധന സ്ഥാപനത്തിൻറെ ലൈസൻസ് കൈവശം കരുതേണ്ടതും മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനയ്ക്കായി ആവശ്യപ്പെട്ടാൽ നൽകേണ്ടതുമാണ്. സ്റ്റാൻഡ് ബൈ ടെക്നീഷ്യന്റെ സേവനം ഒരു സ്ഥാപനത്തിൽ അനുവദിക്കുമ്പോൾ സ്റ്റാൻഡ് ബൈ ടെക്നീഷ്യൻ ടിയാൻ താൽക്കാലികമായി ഡ്യൂട്ടി ചെയ്യുന്ന പൊല്യൂഷൻ ടെസ്റ്റിങ്ങ് സെൻ്ററിലെ അറ്റൻഡൻസ് രജിസ്റ്ററിൽ അതാതു തീയതികളിൽ ഹാജർ രേഖപ്പെടുത്തേണ്ടതാണ്.

സർക്കാർ അംഗീകൃത വർക്ക് ഷോപ്പിലെ ഒരു വർഷത്തെ പ്രവർത്തി പരിചയ സർട്ടിഫിക്കറ്റാണ് യോഗ്യതയായി ഹാജരാക്കുന്നതെങ്കിൽ ആയത് ബന്ധപ്പെട്ട ലേബർ ഓഫീസറുടെ സാക്ഷ്യപത്രത്തോടു കൂടി മാത്രമേ സ്വീകരിക്കാവൂ. സൂചന(1) ലെ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ പ്രവർത്തിച്ച് വരുന്ന ടെക്നീഷ്യന്മാർക്ക് തുടരുന്നതിനും ലൈസൻസ് പുതുക്കുന്നതിനും ഈ വ്യവസ്ഥ ബാധകമല്ല.

5. ഉപകരണങ്ങളുടെ കാലിബ്രേഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന തീയതിക്ക് ഒരാഴ്ച മുമ്പ് എങ്കിലും അതാത് ആർ ടി ഒ/ സബ് ആർ.ടി.ഒ ഓഫീസിൽ ബന്ധപ്പെട്ട പുക പരിശോധന കേന്ദ്രങ്ങൾ ഇ മെയിൽ മുഖേന അറിയിപ്പ് നൽകേണ്ടതാണ്. ആവശ്യമെങ്കിൽ കാലിബ്രേഷൻ നടത്തുന്നത് എം.വി.ഐ Physically / Virtually പരിശോധിച്ച് നിലവിലുള്ള കാലിബ്രേഷൻ കാലാവധി കഴിയുന്നതിനു മുൻപായി നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുമാണ്. പുക പരിശോധന ഉപകരണത്തിന്റെ തകരാർ മൂലമോ ,കാലിബ്രേഷൻ നടത്താൻ ഉണ്ടാവുന്ന കാലതാമസം മൂലമോ സ്ഥാപനത്തിന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ വേണ്ടി ആവശ്യമെങ്കിൽ ഒരു സ്ഥാപനത്തിൽ ഒന്നിൽ കൂടുതൽ പുക പരിശോധന ഉപകരണം ഉപയോഗിക്കാൻ അനുമതി നൽകാവുന്നതാണ്.

6. ലൈസൻസി മരണപ്പെട്ടാൽ മൂന്നുമാസ കാലയളവിലേക്ക് സ്ഥാപനത്തിന് പ്രവർത്തന അനുമതി ഉണ്ടായിരിക്കുന്നതാണ്. 3 മാസം തികയുമ്പോൾ ലൈസൻസ് അസാധുവാകുന്നതാണ്. ഈ കാലയളവിനുള്ളിൽ നിയമപരമായ അനന്തരാവകാശിയുടെ പേരിൽ പുതിയ പുക പരിശോധന സെൻറർ ലൈസൻസിന് നിശ്ചിത ഫീസ് ഒടുക്കി അപേക്ഷിക്കേണ്ടതാണ്. ഇത്തരം അപേക്ഷകളിൽ 15

ദിവസത്തിനകം ഓഫീസ് മേധാവികൾ തീരുമാനമെടുക്കേണ്ടതാണ് ലൈസൻസ് അനന്തരാവകാശിയുടെ പേരിലേക്ക മാറ്റുന്നതിനു നിലവിൽ നിയമങ്ങളും ചട്ടങ്ങളും അനുവദിക്കുന്നില്ല. ഈ സാഹചര്യത്തിൽ നിലവിലുള്ള മറ്റു പുക പരിശോധനാ കേന്ദ്രങ്ങളിൽ നിന്നുള്ള ദൂരപരിധി ബാധകമാക്കേണ്ടതില്ല.

7. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പുക പരിശോധനാകേന്ദ്രങ്ങൾ അഡ്രസ്സ് മാറ്റുന്നതിനോ, ഉടമസ്ഥാവകാശം മാറ്റുന്നതിനോ നിയമം അനുവദിക്കുന്നില്ല എന്നതിനാൽ ഫീസ് അടച്ച് പുതിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ആവശ്യമെങ്കിൽ പഴയ ഉപകരണങ്ങൾ ഉപയോഗിക്കാവുന്നതാണ്. റോഡ് നവീകരണവുമായി ബന്ധപ്പെട്ട് സ്ഥാപനത്തിന്റെ കെട്ടിടത്തിനോ പാർക്കിംഗ് സ്ഥലത്തിനോ മാറ്റം വരുന്ന സാഹചര്യത്തിൽ മാത്രം പുതിയ കെട്ടിടത്തിലേക്ക് അഡ്രസ്സ് മാറുന്നതിന് ഫീസ് അടയ്ക്കാതെ തന്നെ അനുമതി നൽകാവുന്നതാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള മറ്റു പുക പരിശോധനാ കേന്ദ്രങ്ങളിൽ നിന്നുള്ള ദൂരപരിധി ബാധകമാക്കേണ്ടതില്ല.
8. നിലവിലുള്ള പുക പരിശോധനാ കേന്ദ്രങ്ങളിൽ അംഗീകൃത ടെക്നീഷ്യനെ മാറ്റുന്നതിനായി അപേക്ഷ ലഭിച്ചാൽ യോഗ്യതയും മെഷീൻ നിർമ്മാതാവു നൽകിയ ട്രെയിനിംഗ് സർട്ടിഫിക്കറ്റും ഉണ്ടെങ്കിൽ പ്രായോഗിക പരിചയ പരിശോധനയും കൂടിക്കാഴ്ചയും നടത്തിയ ശേഷം ലൈസൻസിൽ പേര് ചേർത്ത് ടെക്നീഷ്യനായി അംഗീകരിച്ചു നൽകാവുന്നതാണ്. ഇതിനായി പ്രത്യേകം ഫീസ് ഈടാക്കേണ്ടതില്ല.
9. GO(Rt) No. 259/2023/Trans Dated 26/06/2023 ഉത്തരവ് സീരിയൽ നമ്പർ 3 പ്രകാരം നഗര പ്രദേശങ്ങളിൽ പുതിയ പുക പരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കുമ്പോൾ ദൂരപരിധി ബാധകമാക്കേണ്ടതില്ല എന്നു നിർദ്ദേശിച്ചിരിക്കുന്നു. ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ മാത്രമാണ് 2 കിലോ മീറ്റർ ദൂര പരിധി ബാധകമാക്കിയിട്ടുള്ളത്. നഗര പ്രദേശങ്ങളിൽ 2 കിലോ മീറ്റർ ദൂര പരിധി ബാധകമാക്കിയിട്ടില്ല . 'നഗരം' എന്നുദ്ദേശിക്കുന്നത് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പരിധിയാണ് എന്നു വ്യക്തമാക്കുന്നു. മേൽ സർക്കാർ ഉത്തരവിൽ സീരിയൽ നമ്പർ 2 പ്രകാരം 'സാങ്കേതിക കാരണങ്ങൾ ' എന്നു പരാമർശിച്ചിട്ടുള്ളത് ഏതെങ്കിലും കാരണത്താൽ സ്ഥലം സർക്കാർ ഏറ്റെടുത്താൽ സ്ഥാപനം മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതും സ്ഥാപന ഉടമ മരണപ്പെട്ടാൽ അതേ സ്ഥാപനം തുടർന്ന് അവകാശിയുടെ പേരിൽ പുതിയ ലൈസൻസ് നൽകുന്നതും ആയ സാഹചര്യങ്ങൾ മാത്രമാണ് എന്ന് വ്യക്തമാക്കുന്നു.
10. പുക പരിശോധനാ കേന്ദ്രങ്ങളിൽ അംഗീകൃത ടെക്നീഷ്യൻ മാത്രമാണ് പുക പരിശോധന നടത്തുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

11. പുക പരിശോധനാ കേന്ദ്രങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം താഴെ പറയും പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | ക്രമക്കേട് | ശിക്ഷാ നടപടികൾ |
|---|---|---|
| 1. | സൂചന നാലിൽ പരാമർശിക്കുന്ന പ്രകാരം അംഗീകൃത ടെക്നീഷ്യൻ അല്ലാതെ | ആദ്യതവണ 15 ദിവസത്തേക്കും , വീണ്ടും ആവർത്തിച്ചാൽ 3 മാസ കാലയളവിലേക്കും പുക പരിശോധന കേന്ദ്രത്തിന്റെ ലൈസൻസ് സസ്പെൻഷൻ |

| | | |
|---|---|---|
| | മറ്റാരെങ്കിലും പുക പരിശോധന നടത്തുക | |
| 2. | ബോധപൂർവ്വം തെറ്റായ റീഡിങ് ലഭിക്കാൻ സാധ്യതയുള്ള തരത്തിൽ ശരിയായ നടപടിക്രമങ്ങൾ പാലിക്കാതെ പുക പരിശോധനാ സർട്ടിഫിക്കറ്റുകൾ നൽകുക. | – ആദ്യതവണ 15 ദിവസത്തേക്കും , വീണ്ടും ആവർത്തിച്ചാൽ 3 മാസ കാലയളവിലേക്കും പുക പരിശോധന കേന്ദ്രത്തിന്റെ ലൈസൻസ് സസ്പെൻഷൻ |
| 3. | Bogus Software ഉപയോഗിച്ചും മെഷീൻ ക്രമക്കേടുകള് വരുത്തിയും പുക പരിശോധനാ സർട്ടിഫിക്കറ്റുകൾ നൽകുക. | പുക പരിശോധനാ കേന്ദ്രത്തിന്റെ ലൈസൻസ് ക്യാൻസൽ ചെയ്യുക. FIR രജിസ്റ്റർ ചെയ്യുന്നതിനായി SHO ക്ക് പരാതി നൽകുക. ഇത്തരം ക്രമക്കേട് കണ്ടെത്തിയ സ്ഥാപനത്തി ലെ ഉപകരണങ്ങൾ ഉപയോഗിച്ച് മറ്റൊരു സ്ഥാപനം തുടങ്ങുവാനോ നിലവിലുള്ള മറ്റേതെങ്കിലും സ്ഥാപനത്തിൽ ഈ ഉപകരണങ്ങൾ ഉപയോഗിക്കാനോ അനുമതിയില്ല |
| 4. | സ്ഥാപനത്തിനായി അനുവദിച്ച നൽകിയ കെട്ടിടത്തിൽ നിന്നുമാറി മറ്റൊരു കെട്ടിടത്തിൽ പ്രവർത്തിക്കുക. | പുക പരിശോധനാ കേന്ദ്രത്തിന്റെ ലൈസൻസ് ക്യാൻസൽ ചെയ്യുക. |
| 5. | മെഷീന് കാലിബ്രേഷൻ തന്നെ OEM കാലിബ്രേഷൻ സർട്ടിഫിക്കറ്റ് നൽകുക. | ഇത്തരം OEM കളെ ഒരുവർഷക്കാലത്തേക്കു സംസ്ഥാനത്ത് വ്യാപാരം നടത്തുന്നതിൽ നിന്നും നിരോധിക്കുക. (Black listing) |

ഏതെങ്കിലും പുക പരിശോധന കേന്ദ്രത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ സ്ഥാപന ഉടമയ്ക്ക് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള മാതൃകയിൽ കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതാണ് . പുക പരിശോധന കേന്ദ്രങ്ങളുടെ പരിശോധനയ്ക്കായി ഓരോ പുക പരിശോധന കേന്ദ്രങ്ങൾക്കും പ്രത്യേകം പ്രത്യേകം ഇ ഓഫീസ് ഫയലുകൾ ആരംഭിക്കേണ്ടതും ഉദ്യോഗസ്ഥൻ നൽകുന്ന കാരണം കാണിക്കൽ നോട്ടീസിൽ ഈ ഫയൽ നമ്പർ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിൽ നൽകിയിട്ടുള്ള നോട്ടീസിൻറെ പകർപ്പ് e-office ഫയലിൽ ചേർക്കേണ്ടതുമാണ് . നോട്ടീസ് നൽകി മൂന്ന് ദിവസത്തിനകം പേഴ്സണൽ ഹിയറിങ് നടത്തി ഓഫീസ് മേധാവികൾ ഫയൽ തീർപ്പാക്കേണ്ടതുമാണ്. ലൈസൻസിങ് ആതോറിറ്റിയുടെ ഉത്തരവിൽ ആക്ഷേപമുള്ള പക്ഷം 30 ദിവസത്തിനകം അപ്പീൽ അധികാരിയായ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്കു മുൻപാകെ

അപ്പീൽ സമർപ്പിക്കാവുന്നതാണ്. പരിശോധന സമയത്ത് തന്നെ കാരണം കാണിക്കൽ നോട്ടീസ് നൽകാനും I D ബ്ലോക്ക് ചെയ്യാനും ക്രമക്കേട് കണ്ടെത്തുന്ന ഉദ്യോഗസ്ഥനെ ഇതോടൊപ്പം അധികാരപ്പെടുത്തുകയും ചെയ്യുന്നു.

എല്ലാ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരും മേൽ നിർദേശങ്ങൾ ഏകീകൃതമായും കർശനമായും പാലിക്കാൻ നിർദേശം നൽകുന്നു.

ഉള്ളടക്കം : കാരണം കാണിക്കൽ നോട്ടീസിന്റെ മാതൃക

Signed by
Chakilam Nagaraju
Date: 07-05-2025 19:23:14 ,

**NAGARAJU CHAKILAM IPS**
**TRANSPORT COMMISSIONER**

സ്വീകർത്താവ്:-

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ എൻഫോഴ്സ്മെൻ്റ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിൻ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

*മോട്ടോർ വാഹന വകുപ്പ്, കേരളം*